DESPATCHED
On 08/06/2020

22.2.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2036*(2)/2016*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **7736**/*എസ്.ഐ.സി-ജി 6/16*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ.എം.ബാലൻ,
'പവിഴം', അടുത്തില പി.ഒ.,
പഴയങ്ങാടി, കണ്ണൂർ,
പിൻ – 670 303. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   ജൂനിയർ സൂപ്രണ്ട്, (എൽ) സെക്ഷൻ,
   കളക്ടറേറ്റ്, കണ്ണൂർ.

2. അപ്പീൽ അധികാരി&
   ജില്ലാ കളക്ടറേറ്റ്,
   കണ്ണൂർ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 26.02.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.03.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 24.04.2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21.05.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.06.2016 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 27.06.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.എച്ച്.വിക്രമകുറുപ്പ്,

20.06.2016ന് സമർപ്പിച്ച അപ്പീൽ ഹർജി 27.06.2016ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2036(2)/16/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും പൂർണ്ണവും വ്യക്തവുമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 26.02.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 28.03.2016ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 24.04.2016ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 21.05.2016ന് മറുപടി നൽകിയതായും കാണുന്നു.

4. 26.07.2016ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, രേഖകൾ പ്രകാരം 12.08.1952ലാണ് കൺസ്യൂമർ നമ്പർ 919 എന്ന ഇലക്ട്രിക് കണക്ഷൻ എടുത്തിട്ടുള്ളതെന്നും V/KVR 18/12 PSC നമ്പർ പോസ്റ്റിൽ നിന്നുമാണ് നിലവിൽ കണക്ഷൻ കൊടുത്തിട്ടുള്ളതെന്നും കെ.എസ്.ഇ.ബി.യിൽ ആദ്യകാലത്ത് Teak Wood പോസ്റ്റുകൾ ഉപയോഗിച്ചാണ് ലൈൻ വലിച്ചിരുന്നതെന്നും ടി പോസ്റ്റുകൾ കാലപ്പഴക്കം കാരണം കേടുവന്നപ്പോൾ RCC പോസ്റ്റുകൾ ഉപയോഗിച്ചു തുടങ്ങിയെന്നുമാണ്. കാലക്രമേണ RCC പോസ്റ്റുകൾക്ക് ബലക്ഷയം വന്നു തുടങ്ങിയപ്പോൾ PSC പോസ്റ്റുകൾ ഉപയോഗിച്ചു തുടങ്ങിയെന്നും നേരത്തേ 919 എന്ന കണക്ഷൻ തടി പോസ്റ്റിൽ ആയിരുന്നു കൊടുത്തിരുന്നതെന്നും ഇപ്പോൾ ടി ഏര്യയിൽ തടി പോസ്റ്റുകൾ ഒന്നും തന്നെയില്ല PSC പോസ്റ്റുകൾ ആണ് ഉപയോഗിക്കുന്നതെന്നും കാലപ്പഴക്കം വന്ന പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്ന ജോലികളുടെ വിശദാംശങ്ങൾ ഓഫീസ് രേഖകളിൽ സൂക്ഷിക്കേണ്ടതില്ലാത്തതിനാൽ മതിയായ രേഖകൾ ഒന്നും തന്നെ ലഭ്യമല്ലെന്നും നിലവിൽ 919 എന്ന സർവ്വീസ് കണക്ഷൻ 18/2 എന്ന പോസ്റ്റിൽ നിന്നും മാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളുവെന്നും മറ്റു രീതിയിൽകൂടി നൽകാൻ സാദ്ധ്യമല്ലെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധി

തമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. കറണ്ട് കണക്ഷൻ സംബന്ധിച്ച വിവരമാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ആയതിന് തൃപ്തികരമായ വിവരങ്ങൾ നൽകിയില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്കും അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും ഇലക്ട്രിക് പോസ്റ്റ് മാറ്റിയിട്ടതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ആയത് നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ഫെബ്രുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/